## പതിനാലാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 142 — 05-02-2019-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.വിജയൻപിള്ള<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ. ബി.സത്യൻ<br>ശ്രീ. കെ.വി.വിജയദാസ് | | ശ്രീ. എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br>i. വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ<br>ii. വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഒന്നാം പട്ടികയുടെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)<br>iii വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷൻറെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ<br>iv. വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ |
| (സി) | സംസ്ഥാനത്തിന്റെ സവിശേഷമായ സാഹചര്യങ്ങൾക്ക് അനുസൃതമായ പ്രവൃത്തികൾ തൊഴിലുറപ്പ്പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അനുവാദം നല്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ക്ഷീരവികസനം പ്രോത്സാഹിപ്പിക്കുന്നതിനായി പശുവളർത്തൽ, നെൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര-ഗ്രാമവികസന മന്ത്രാലയത്തിന് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. |
| (ഡി) | എം.ജി.എൻ.ആർ.ഇ.ജി.പി. യുടെ കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതിനാൽ തൊഴിലാളികളുടെ വേതനം കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ ഇത് | (ഡി) | ഉണ്ട്. 2018-19 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുത്ത തൊഴിലാളികൾക്ക് അവിദഗ്ധ വേതനയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും കുടിശ്ശികയായി 804 കോടി രൂപ ലഭിക്കുവാനുണ്ട്. |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | | കേന്ദ്ര സർക്കാരിൽ നിന്നും തൊഴിലാളികൾക്ക് അവിദഗ്ധ വേതനയിനത്തിൽ കടിശ്ശികയുള്ള തുക ലഭ്യമാക്കാനായി 17.10.2018 ൽ കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ നൽകുകയുണ്ടായി. ഇതിനെത്തുടർന്ന് 508 കോടി രൂപ കേന്ദ്ര സർക്കാർ അവിദഗ്ധ വേതനയിനത്തിൽ അനുവദിച്ചിരുന്നു. അവശേഷിക്കുന്ന കടിശ്ശിക തുക ലഭ്യമാക്കുന്നതിനുവേണ്ടി 01.01.2019 ന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കൂടാതെ 10.01.2019 ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ എംപവേർഡ് കമ്മിറ്റിക്ക് മുമ്പാകെയും ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. 22.01.2019 ന് തലസ്ഥാനത്ത് സന്ദർശനം നടത്തിയ ബഹു.കേന്ദ്ര ഗ്രാമവികസന സഹ മന്ത്രിയുടേയും 23.01.2019 ന് തലസ്ഥാനത്ത് എത്തിയ പാർലമെന്ററി സമിതി മുൻപാകെയും പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ